(ഡി) ഈ മന്ത്രിസഭ നിലവിൽ വന്നശേഷമുള്ള മന്ത്രിസഭാംഗങ്ങളിൽ രണ്ട് മന്ത്രിമാർക്കെതിരെ വിജിലൻസ് കേസ്സുകൾ നിലവിലുണ്ട്.

1. ശ്രീ. പി. ജെ. ജോസഫ് (ബഹുമാനപ്പെട്ട ജലസേചന വകുപ്പ് മന്ത്രി)

2. ശ്രീ. കെ. എം. മാണി, (ബഹുമാനപ്പെട്ട ധനകാര്യ വകുപ്പ് മന്ത്രി)

1. ശ്രീ. പി. ജെ. ജോസഫ് :

ശ്രീ. പി. ജെ. ജോസഫ് 1977-ൽ റവന്യൂ വകുപ്പ് മന്ത്രിയായിരിക്കെ ഫോറസ്റ്റ് ഉദ്യോഗസ്ഥരുടെ സഹായത്തോടെ ഔദ്യോഗിക സ്ഥാനം ദുരുപയോഗപ്പെടുത്തി ഗ്രീൻ ബർഗ് റിസോർട്ട് അതോറിറ്റി (കളമാവ്, ഇടുക്കി ജില്ല) ഉടമയ്ക്ക് വനം കയ്യേറാൻ അനുമതി നൽകുകവഴി പ്രസ്തുത റിസോർട്ട് ഉടമയ്ക്ക് സാമ്പത്തികലാഭം ഉണ്ടാക്കി എന്ന ആരോപണവുമായി ബന്ധപ്പെട്ട് വി.സി.5/2012/ഇ.ആർ.കെ, വി.സി.6/2012/ ഇ.ആർ.കെ. എന്നീ നമ്പറുകളിൽ രണ്ട് വിജിലൻസ് കേസ്സുകൾ നിലവിലുണ്ട്. ബഹുമാനപ്പെട്ട ഹൈക്കോടതി സ്റ്റേ ചെയ്തിരുന്ന രണ്ട് കേസ്സുകളും സ്റ്റേ പിൻവലിച്ചു. ഇപ്പോൾ അന്വേഷണം പുരോഗമിച്ചുവരുന്നു.

കൂടാതെ ശ്രീ. പി. ജെ. ജോസഫ് ജലവിഭവ വകുപ്പ് മന്ത്രി ആയിരിക്കെ ശ്രീ. വി. പി. ജോസ് (കൊരട്ടി, ചാലക്കുടി) എന്ന സ്വകാര്യ വ്യക്തിക്ക് നിലവിലുള്ള ഉത്തരവുകൾ മറികടന്ന് അനധികൃതമായി കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടറോട് വാട്ടർ കണക്ഷൻ കൊടുക്കുവാൻ നിർദ്ദേശിച്ചതുമായി ബന്ധപ്പെട്ട് വി.സി.07/2013/റ്റി.എസ്.ആർ. എന്ന നമ്പരിൽ ഒരു വിജിലൻസ് കേസ് കൂടി നിലവിലുണ്ട്. പ്രസ്തുത വിജിലൻസ് കേസ്സിന്റെ റിപ്പോർട്ട് ബഹുമാനപ്പെട്ട കോടതിയിൽ സമർപ്പിച്ചിട്ടുണ്ട്.

2. ശ്രീ. കെ. എം. മാണി (ബഹു. ധനകാര്യ വകുപ്പ് മന്ത്രി) :

ബാർ കോഴയുമായി ബന്ധപ്പെട്ട് ശ്രീ. കെ.എം. മാണി ശ്രീ. ബിജു രമേഷ് എന്ന ബാറുടമയിൽനിന്നും ഒരുകോടി രൂപ കൈക്കൂലി വാങ്ങി എന്ന ആരോപണത്തിന്മേൽ വി.സി.06/2014/എസ്.ഐ.യു. I എന്ന നമ്പരിൽ വിജിലൻസ് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി കോടതിയിൽ റിപ്പോർട്ട് സമർപ്പിച്ചു

ശിക്ഷാ ഇളവ് ലഭിച്ച തടവുകാർ

256 (3078) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2011 മേയ് മാസത്തിനുശേഷം നാളിതുവരെ വിവിധ ജയിലുകളിലുണ്ടായിരുന്ന എത്ര തടവുകാർക്ക് ശിക്ഷാ ഇളവ് നൽകി മോചിപ്പിക്കുകയുണ്ടായി ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) തടവുകാർക്ക് ശിക്ഷാ ഇളവുനൽകുന്നതിന് കോടതി ഉത്തരവുകളോ നിർദ്ദേശമോ ലഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(സി) തടവുകാർക്ക് ശിക്ഷാ ഇളവുനൽകി മോചിപ്പിക്കുന്നതു സംബന്ധിച്ച് നിലവിൽ എന്തു നടപടികളാണ് സ്വീകരിക്കുന്നതെന്ന് അറിയിക്കുമോ ?

ഉത്തരം

(എ) 2011 മെയ് മാസത്തിനുശേഷം നാളിതുവരെ 198 തടവുകാരെ ശിക്ഷാ ഇളവ് നൽകി മോചിപ്പിക്കുകയുണ്ടായി.

(ബി) ഉണ്ട്. ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ ഡബ്ല്യു.പി.(ക്രിമിനൽ) 48/14-ന്റെ 9/7/14-ലെ ഇടക്കാല വിധിയിൽ ജീവപര്യന്തം തടവുകാർക്ക് ശിക്ഷാ ഇളവ് നൽകുന്നത് തടഞ്ഞിട്ടുണ്ട്.

(സി) ജയിൽ ചട്ടങ്ങൾ 462 പ്രകാരമുള്ള മാനദണ്ഡങ്ങളനുസരിച്ച്, ഭരണ ഘടനയുടെ അനുഛേദം 161 പ്രകാരം ജയിൽ ഉപദേശക സമിതിയുടെ ശുപാർശ മന്ത്രിസഭായോഗത്തിന്റെ അംഗീകാരത്തോടെ ഗവർണ്ണറുടെ അനുമതിക്കുശേഷം സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നതിന്റെ അടിസ്ഥാനത്തിലാണ് തടവുകാർക്ക് ശിക്ഷാ ഇളവ് നൽകുന്നത്.

ജയിൽ ഉൽപ്പന്നങ്ങൾ

257 (3079) ശ്രീ. വർക്കല കഹാർ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. പി. എ. മാധവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാരിന്റെ കാലത്ത് ഭക്ഷണ സാധനങ്ങൾ ഉൾപ്പെടെയുള്ള ജയിൽ ഉൽപ്പന്നങ്ങൾ പൊതുവിപണിയിൽ എത്തിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

(ബി) ഇക്കാലയളവിൽ ജയിൽ വരുമാനത്തിൽ ഉണ്ടായ പുരോഗതി വ്യക്തമാക്കുമോ ; വരുമാന വർദ്ധനവിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(സി) ഇതിനായി എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങളാണ് ജയിലുകളിൽ ഒരുക്കിയിട്ടുള്ളത് ; വിശദമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly